# വിശ്വവിഖ്യാതമായ മൂക്ക്

ബഷീർ



# വിശ്വ വിഖ്യാതമായ മൂക്ക്

ബഷീർ

# വിശ്വവിഖ്യാതമായ മൂക്ക്

വൈക്കം മുഹമ്മദ് ബഷീര് (1908-1994)

1908 ജനവരി 21-ന് വൈക്കം താലൂക്കില് തലയോലപ്പറമ്പില് ജനിച്ചു. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലിഷ് സ്കൂളിലും പഠിച്ചു. ഇന്ത്യന് നാഷനല് കോണ്ഗ്രസ്സില് ചേര്ന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട്ടുനടന്ന ഉപ്പുസത്യഗ്രഹത്തില് പങ്കുകൊണ്ടു. അതിന്റെ പേരില് മര്ദ്ദനത്തിനിരയാകുകയും ജയില്ശിക്ഷ അനുഭവിക്കുകയും ചെയ്തു.പത്തു വര്ഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു; പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയരാജ്യങ്ങളിലും. ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാര്ന്ന്! എന്നീകൃതികള്ഇന്ത്യയിലെ പ്രധാനഭാഷകളിലെല്ലാം തര്ജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മതിലുകള്,ശബ്ദങ്ങള്, പ്രേമലേഖനം എന്നീ കൃതികളും പൂവന്പഴം ഉള്പ്പെടെ 16 കഥകളുടെഒരു സമാഹാരവും ഓറിയന്റ് ലോങ്മാന് ഇംഗ്ലിഷില് പ്രസിദ്ധീകരിച്ചു. സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെലേ്ലാഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാഗവണ്മെന്റ് പദ്മശ്രീ നല്കി ആദരിച്ചു. 1994 ജൂലൈ 5-ന് നിര്യാതനായി.

വൈക്കം മുഹമ്മദ് ബഷീറിന്റെ ഞങ്ങള് പ്രസിദ്ധീകരിച്ച കൃതികള്

നോവല്
അനുരാഗത്തിന്റെ ദിനങ്ങള്, ആനവാരിയും പൊന്കുരിശും, ജീവിതനിഴല്പ്പാടുകള്, താരാസ്പെഷ്യല്സ്, ന്റുപ്പൂപ്പാക്കൊരാനേണ്ടാര്ന്ന്!, പാത്തുമ്മായുടെആട്, പ്രേമലേഖനം, പ്രേംപാറ്റ, ബാല്യകാലസഖി, മതിലുകള്, മരണത്തിന്റെ നിഴലില്, മാന്ത്രികപ്പൂച്ച, മുച്ചീട്ടുകളിക്കാരന്റെ മകള്, ശബ്ദങ്ങള്, സ്ഥലത്തെ പ്രധാന ദിവ്യന്

കഥകള്
ആനപ്പൂട, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓര്മക്കുറിപ്പ്, ചിരിക്കുന്ന മരപ്പാവ, ജന്മദിനം, 'നീലവെളിച്ച'വും മറ്റ് പ്രധാന കഥകളും,പാവപ്പെട്ടവരുടെ വേശ്യ, ബഷീറിന്റെ 10 കഥകള്, ഭൂമിയുടെ അവകാശികള്, വിഡ്ഢികളുടെ സ്വര്ഗ്ഗം, വിശപ്പ്, വിശ്വവിഖ്യാതമായ മൂക്ക്, ശിങ്കിടിമുങ്കന്, സ്വാതന്ത്ര്യസമരകഥകള്

നാടകം
കഥാബീജം

ലേഖനങ്ങള്
അനര്ഘനിമിഷം, ജീവിതം ഒരനുഗ്രഹം ധര്മ്മരാജ്യം

ചോദേ്യാത്തരം, കത്തുകള് നേരും നുണയും, ബഷീര് എഴുതിയ കത്തുകള്, ബഷീറിന്റെ

കത്തുകള്

സ്മരണ
എം.പി. പോള്, ഓര്മ്മയുടെ അറകള്

പ്രഭാഷണം
ചെവിയോര്ക്കുക! അന്തിമകാഹളം

തിരക്കഥ
ഭാര്ഗ്ഗവീനിലയം

ബാലസാഹിത്യം
സര്പ്പയജ്ഞം

പലവക
യാ ഇലാഹീ!

.
ബഷീര് സമ്പൂര്ണ്ണകൃതികള് (രണ്ടു വാല്യങ്ങള്)

വൈക്കം മുഹമ്മദ് ബഷീർ

# വിശ്വവിഖ്യാതമായ മൂക്ക്

ഡി സി ബുക്സ്

MALAYALAM LANGUAGE
ViswavikhyathamayaMookku

LITERATURE /STORIES
By Vaikom Muhammad Basheer

RIGHTS RESERVED
First Published May 1943
First DCB Edition August 1979
24th impression August 2014

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Muhammad Basheer, Vaikom.
Viswavikhyathamayamookku/ Vaikom Muhammad Basheer.

32p.,21cm.
ISBN 978-81-264-3614-9.
1. Malayalam stories. I. Title.
8M3.01*-dc22.
*(This is local variation of DDC number for Malayalam literature: Viswavikhyathamayamookku.).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-3614-9

430/14-15-Sl.No. 13806-dcb 233-(24)3000-1130-08-14-Spb. 18.1-p rr-r (t)vu-d(t) sm

# പ്രസാധകക്കുറിപ്പ്

വായനയുടെ പുതുലോകത്തേക്ക് പ്രവേശിക്കുന്നവര്ക്കും വായനയുടെ ആസ്വാദ്യത അനുഭവിച്ചറിഞ്ഞവര്ക്കുമായി ഡി സി ബുക്സ് അവതരിപ്പിക്കുന്ന പുസ്തകപരമ്പരയാണിത്. വായനയുടെ സുഖം മലയാളികളെ അനുഭവിപ്പിച്ചവയാണ് ഈ കൃതികളെല്ലാം. മാറിയ ജീവിതസാഹചര്യത്തില് പുതിയൊരു വായനയുടെ സാധ്യത തുറക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. പുനര്വായന ഈ കൃതികള്ക്ക് പുതിയൊരു അര്ത്ഥതലവും ജനകീയമുഖവും നല്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോട്ടയം

**രവി ഡി സി**

# കഥകള്

വിശ്വവിഖ്യാതമായ മൂക്ക്

നീതിന്യായം

പഴയ ഒരു കൊച്ചു പ്രേമകഥ

# വിശ്വവിഖ്യാതമായ മൂക്ക്

അമ്പരപ്പിക്കുന്ന മുട്ടന് വാര്ത്തയാണ്. ഒരു മൂക്ക് ബുദ്ധിജീവികളുടെയും ദാര്ശനികരുടെയും ഇടയില് വലിയ തര്ക്കവിഷയമായി കലാശിച്ചിരിക്കുന്നു. വിശ്വവിഖ്യാതമായ മൂക്ക്.

ആ മൂക്കിന്റെ യഥാര്ത്ഥ ചരിത്രമാണ് ഇവിടെ രേഖപ്പെടുത്താന് പോകുന്നത്.

ചരിത്രം ആരംഭിക്കുന്നത് അദ്ദേഹത്തിന് ഇരുപത്തി നാലുവയസ്സു തികഞ്ഞ കാലത്താണ്. അതുവരെ അദ്ദേഹത്തെ ആരും അറിഞ്ഞിരുന്നില്ല. ഈ ഇരുപത്തിനാലാമത്തെ വയസ്സിനു വല്ല പ്രത്യേകതയുമുണ്ടോ എന്തോ. ഒന്നു ശരിയാണ്. ലോകചരിത്രത്തിന്റെ ഏടുകള് മറിച്ചു നോക്കിയാല് മിക്ക മഹാന്മാരുടെയും ഇരുപത്തിനാലാമത്തെ വയസ്സിനു ചില പ്രത്യേകതകള് കാണാന് കഴിയും. ചരിത്രവിദ്യാര്ത്ഥികളോട് ഇതെടുത്തുപറയേണ്ട കാര്യമില്ലല്ലോ?

നമ്മുടെ ചരിത്രപുരുഷന് ഒരു കുശിനിപ്പണിക്കാരനായിരുന്നു. കുക്ക്. പറയത്തക്ക ബുദ്ധിവൈഭവമൊന്നുമുണ്ടായിരുന്നില്ല. എഴുത്തും വായനയും അറിഞ്ഞുകൂടാ. അടുക്കളയാണല്ലോ അദ്ദേഹത്തിന്റെ ലോകം. അതിനു വെളിയിലുള്ള കാര്യങ്ങളെക്കുറിച്ച് തികച്ചും അശ്രദ്ധന്. എന്തിനു ശ്രദ്ധിക്കണം?

നല്ലവണ്ണം ഉണ്ണുക; സുഖമായൊന്നു പൊടി വലിക്കുക; ഉറങ്ങുക; വീണ്ടും ഉണരുക; കുശിനിപ്പണി തുടങ്ങുക. ഇത്രയുമാണ് അദ്ദേഹത്തിന്റെ ദിനചര്യ.

മാസങ്ങളുടെ പേര് അദ്ദേഹത്തിനറിഞ്ഞുകൂടാ. ശമ്പളം വാങ്ങേണ്ട സമയമാകുമ്പോള് അമ്മ വന്നു ശമ്പളം വാങ്ങിക്കൊണ്ടുപോകും. പൊടി വേണമെങ്കില് ആ തള്ള തന്നെ വാങ്ങിച്ചുകൊടുക്കും. ഇങ്ങനെ സുഖത്തിലും സംതൃപ്തിയിലും ജീവിച്ചുവരവേ അദ്ദേഹത്തിന് ഇരുപത്തിനാലു തിരുവയസ്സു തികയുന്നു. അതോടെ അത്ഭുതം സംഭവിക്കുകയാണ്!

വേറെ വിശേഷമൊന്നുമില്ല. മൂക്കിനു ശകലം നീളം വെച്ചിരിക്കുന്നു. വായും കഴിഞ്ഞു താടിവരെ നീണ്ടു കിടക്കുകയാണ്!

അങ്ങനെ ആ മൂക്ക് ദിനന്തോറും വളരാന് തുടങ്ങി. ഒളിച്ചുവെക്കാന് പറ്റുന്ന കാര്യമാണോ? ഒരു മാസംകൊണ്ട് അതു പൊക്കിള്വരെ നീണ്ടു. എന്നാല്, വല്ല അസുഖവുമുണ്ടോ? അതുമില്ല. ശ്വാസോച്ഛ്വാസം ചെയ്യാം. പൊടി വലിക്കാം.

വാസനകള് സര്വവും തിരിച്ചറിയാം. പറയത്തക്ക യാതൊരു കുഴപ്പവുമില്ല.

പക്ഷേ, ഇങ്ങനത്തെ മൂക്കുകള് ലോകചരിത്രത്തിന്റെ ഏടുകളില് കിടപ്പുണ്ടായിരിക്കാം - അല്പസ്വല്പം. പക്ഷേ, അത്തരം കിണാപ്പന്മൂക്കാണോ ഈ മൂക്ക്. ഈ മൂക്കു കാരണം പാവപ്പെട്ട ആ അരിവയ്പുകാരനെ ജോലിയില്നിന്നും പിരിച്ചുവിട്ടു.

എന്താ കാരണം?

പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കണം എന്നെല്ലാം പറഞ്ഞ് ബഹളം കൂട്ടാന് ഒരു സംഘക്കാരും മുന്നോട്ടു വന്നില്ല. രാഷ്ട്രീയപാര്ട്ടികളെല്ലാം ഈ കൊടിയ അനീതിയുടെ മുമ്പില് കണ്ണടച്ചുകളഞ്ഞു.

എന്തിനയാളെ പിരിച്ചുവിട്ടു? മനുഷ്യസ്നേഹികളെന്നു പറയുന്നവരാരും ഈ ചോദ്യം ചോദിച്ചില്ല. എവിടെ പ്പോയി അന്നു ബുദ്ധിജീവികളും ദാര്ശനീയരും?

പാവം തൊഴിലാളി; പാവം കുശിനിക്കാരന്!

ജോലി നഷ്ടപ്പെട്ടതെന്തുകൊണ്ടെന്ന് ആരും അദ്ദേഹത്തിനു പറഞ്ഞുകൊടുക്കേണ്ടതായിട്ടില്ല. ജോലിക്കു നിര്ത്തിയിരുന്ന വീട്ടുകാര്ക്കു സൈ്വരമില്ലാതായിത്തീര്ന്നതാണു കാരണം. മൂക്കനെ കാണാന്, മൂക്കു കാണാന് രാപ്പകല് മനുഷ്യക്കടല്! ഫോട്ടോ എടുക്കുന്നവര്, അഭി മുഖസംഭാഷണക്കാര്, റേഡിയോ, സിനിമ, ടെലിവിഷന്, പത്രക്കാരായ പത്രക്കാര്, ഇരമ്പുന്ന മനുഷ്യക്കടല്.

ആ വീട്ടില്നിന്നു പല സാധനങ്ങളും കളവുപോയി. പതിനെട്ടുകാരി സുന്ദരിയെ കട്ടുകൊണ്ടു പോകാനും ശ്രമമുണ്ടായി.

ഈ വിധത്തില് ജോലി നഷ്ടപ്പെട്ട ആ കുശിനിപ്പണിക്കാരന് തന്റെ പാവപ്പെട്ട ചെറ്റപ്പുരയില് പട്ടിണി കിടക്കുമ്പോള് ഒരു കാര്യം അയാള്ക്കു നന്നായി ബോദ്ധ്യം വന്നു. അയാളും അയാളുടെ മൂക്കും വളരെ പ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്നു!

ദൂരദേശങ്ങളില്നിന്നുപോലും ആളുകള് അയാളെ കാണാന് വരുന്നു. ദീര്ഘമേറിയ മൂക്കു നോക്കിക്കൊണ്ട് അത്ഭുതസ്തബ്ധരായി നില്ക്കുന്നു. ചിലര് തൊട്ടു നോക്കുന്നുമുണ്ട്. എന്നാല്, ആരും... ആരും "നിങ്ങള് ആഹാരം ഒന്നും കഴിച്ചില്ലേ? എന്താണിത്ര ക്ഷീണം?" എന്നൊന്നും ചോദിച്ചില്ല. ഒരു വലിക്കു പൊടി വാങ്ങാന് പോലും ആ വീട്ടില് ഒമ്പിടിക്കാശില്ല. പട്ടിണിക്കിട്ട കാഴ്ചമൃഗമാണോ അയാള്? മണ്ടനാണെങ്കിലും മനുഷ്യനല്ലേ? അയാള് തന്റെ വൃദ്ധമാതാവിനെ വിളിച്ചു രഹസ്യമായി പറഞ്ഞു:

"ഈ മൂശേട്ടകളെ ആട്ടിപ്പൊറത്തെറക്കി വാതലടച്ചേ!"

അമ്മ സൂത്രത്തില് എല്ലാവരേയും വെളിയിലാക്കി വാതിലടച്ചു.

അന്നുമുതല് അവര്ക്കു നല്ലകാലമായി! അമ്മയ്ക്കു കൈക്കൂലി കൊടുത്തു ചിലര് മകന്റെ മൂക്കു കാണാന്തുടങ്ങി! മണ്ടക്കൂട്ടമല്ലേയാ ജനം. ഈ കൈക്കൂലിക്കെതിരായി ചില നീതിമാന്മാരായ ബുദ്ധിജീവികളും ദാര്ശനീയരും ഉശിരന് ശബ്ദമുയര്ത്തി. പക്ഷേ, ഗവണ്മെന്റ ഇതു സംബന്ധമായി യാതൊരു നടപടിയുമെടുത്തില്ല. കേട്ടതായിപ്പോലും ഭാവിച്ചില്ല. സര്ക്കാരിന്റെ ഈ കൊടിയ അനാസ്ഥയെ പ്രതിഷേധിച്ചു പരാതിക്കാര് പലരും ഗവണ്മെന്റിനെതിരായുള്ള പലേ അട്ടിമറിപ്പന് പാര്ട്ടികളിലും ചേര്ന്നു!

മൂക്കന്റെ വരാഴിക ദിനംപ്രതി വര്ദ്ധിച്ചു. എന്തിനധികം! അക്ഷരശൂന്യനായ ആ കുശിനിപ്പണിക്കാരന് ആറു കൊല്ലം കൊണ്ടു ലക്ഷപ്രഭുവായി.

അദ്ദേഹം മൂന്നു പ്രാവശ്യം സിനിമയില് അഭിനയിച്ചു. 'ദി ഹ്യൂമന് സബ്മറയിന്' എന്ന ടെക്നി കളര് ഫിലിം എത്രയെത്ര കോടി പ്രേക്ഷകരെയാണ് ആകര്ഷിച്ചത്!

അന്തര്വാഹിനി മനുഷ്യന്. ആറു മഹാകവികള് മൂക്കന്റെ അപദാനങ്ങളെ കീര്ത്തിച്ചുകൊണ്ട് മഹാകാവ്യങ്ങള് പുറത്തിറക്കി. ഒമ്പതു മഹാസാഹിത്യകാരന്മാര് മൂക്കന്റെ ജീവചരിത്രമെഴുതി പണവും പ്രശസ്തിയും നേടി.

മൂക്കന്റെ സൗധം ഒരതിഥിമന്ദിരംകൂടിയാണ്. ആര്ക്കും അവിടെ എപ്പോഴും ആഹാരമുണ്ട്; ഒരു വലി പൊടിയും.

ആ കാലത്ത് അദ്ദേഹത്തിന് രണ്ടു സെക്രട്ടറിമാരുണ്ടായിരുന്നു. രണ്ടു സുന്ദരികള്; വിദ്യാസമ്പന്നകള്.

രണ്ടുപേരും മൂക്കനെ കലശലായി പ്രേമിക്കുന്നു; രണ്ടു പേരും മൂക്കനെ ആരാധിക്കുന്നു. ഏതു മണ്ടനെയും ഏതു തീവെട്ടിക്കൊള്ളക്കാരനെയും ഏതു മുന്തിയറുപ്പനെയും പ്രേമിക്കാന് സുന്ദരികള് എപ്പോഴും ഉണ്ടാകുമല്ലോ.

ലോകചരിത്രത്തിന്റെ ഏടുകള് മറിച്ചുമറിച്ച് നോക്കിയാല് രണ്ടു സുന്ദരികള് ഒരു പുരുഷനെ ഒരേ സമയത്തു പ്രേമിക്കുമ്പോള് ചില്ലറ കുഴപ്പങ്ങളുണ്ടായതായി കാണുമല്ലോ. മൂക്കന്റെ ജീവിതത്തിലും അതുണ്ടായി.

ആ രണ്ടു സുന്ദരികളെപ്പോലെ ജനങ്ങള് ആകമാനം മൂക്കനെ സ്നേഹിക്കുന്നുണ്ട്. പൊക്കിള്ക്കുഴിവരെ നീണ്ട് കിടക്കുന്ന അണ്ഡകടാഹപ്രശസ്തമായ സുന്ദരമൂക്ക് മഹത്ത്വത്തിന്റെ ചിഹ്നമല്ലേ? തീര്ച്ചയായും.

ലോകത്തിലുണ്ടാകുന്ന പ്രധാന സംഭവങ്ങളെപ്പറ്റി മൂക്കന് അഭിപ്രായം പറയും. പത്രക്കാര് അതു പ്രസിദ്ധപ്പെടുത്തും.

'മണിക്കൂറില് 10,000 മൈല് വേഗതയുള്ള വിമാനം ഉണ്ടാക്കിയിരിക്കുന്നു! അതേപ്പറ്റി മൂക്കന് താഴെ പറയുന്ന പ്രകാരം പ്രസ്താവിക്കുകയുണ്ടായി....!'

'മരിച്ച മനുഷ്യനെ ഡോക്ടര് ബുന്ത്റോസ് ഫുറാസി ബുറോസ് ജീവിപ്പിച്ചു. അതേപ്പറ്റി മൂക്കന് താഴെ പറയുന്ന പ്രകാരം പ്രസ്താവിക്കുകയുണ്ടായി.....'

ലോകത്തിലേക്ക് ഉയരം കൂടിയ കൊടുമുടിയില് ചിലര് കയറി എന്നു കേട്ടപ്പോള് ജനങ്ങള് ചോദിച്ചു:

'അതേപ്പറ്റി മൂക്കന് എന്തു പറഞ്ഞു?'

മൂക്കന് ഒന്നും പറഞ്ഞില്ലെങ്കില്.....ഭ! ആ സംഭവം നിസ്സാരം. ഇങ്ങനെ ഗോളാന്തരയാത്ര, പ്രപഞ്ചങ്ങളുടെ ഉല്പത്തി, ചിത്രമെഴുത്ത്, വാച്ചുകച്ചവടം, മെസ്മെരിസം, ഫോട്ടോഗ്രാഫി, ആത്മാവ്, പ്രസിദ്ധീകരണശാല, നോവലെഴുത്ത്, മരണാനന്തര ജീവിതം, പത്രപ്രവര്ത്തനം, നായാട്ട്-എന്നു വേണ്ട എല്ലാറ്റിനെപ്പറ്റിയും മൂക്കന് അഭിപ്രായം പറയണം! പറയുമല്ലോ. മൂക്കന് അറിഞ്ഞുകൂടാത്തത് മഹാപ്രപഞ്ചങ്ങളില് വല്ലതുമുണ്ടോ? ഒന്നു പറ!

ഈ കാലഘട്ടത്തിലാണ് മൂക്കനെ പിടിച്ചുപറ്റാനുള്ള വലിയ ഗൂഢാലോചനകള് നടക്കുന്നത്. പിടിച്ചുപറ്റുക എന്നുള്ളതു പുത്തനായ ഏര്പ്പാടൊന്നുമല്ലല്ലോ. പിടിച്ചു പറ്റലിന്റെ കഥയാണ് ലോകചരിത്രത്തിന്റെ അധികഭാഗവും.

എന്താണീ പിടിച്ചുപറ്റല്?

നിങ്ങള് തരിശുഭൂമിയില് കുറെ തൈ വെക്കുന്നു. വെള്ളമൊഴിക്കുന്നു. വളമിടുന്നു. വേലികെട്ടുന്നു. പ്രതീക്ഷയാര്ന്ന വര്ഷങ്ങള് നീങ്ങി തൈകളെല്ലാം കുലച്ചു. കലകുലയായി തേങ്ങകള് അങ്ങനെ ജോറായി ഉണ്ടുന്നു. അപ്പോള് നിങ്ങളില്നിന്ന് ആ തെങ്ങുന്തോപ്പ് പിടിച്ചു പറ്റാന് ആര്ക്കാണെങ്കിലും മോഹം തോന്നും!.... മൂക്കനെ

പിടിച്ചുപറ്റുക!

ആദ്യമായി മൂക്കനെ പിടിച്ചുപറ്റാനുള്ള മഹത്തായ വിപ്ലവശ്രമം നടത്തിയത് ഗവണ്മെന്റാണ്. അതു സര്ക്കാരിന്റെ ഡാവായിരുന്നു. 'നാസിക പ്രമുഖന്' എന്നൊരു ബഹുമതിക്കു പുറമേ മൂക്കനു ഗവണ്മെന്റ ഒരു മെഡലും കൊടുത്തു. പ്രസിഡണ്ടുതന്നെയാണ് വജ്രഖചിതമായ ആ സ്വര്ണമെഡല് മൂക്കന്റെ കഴുത്തില് അണിയിച്ചത്. എന്നിട്ടു ഹസ്തദാനത്തിനു പകരം പ്രസിഡന്റ് മൂക്കന്റെ മൂക്കിന്റെ തുമ്പില് പിടിച്ചു കുലുക്കി. ഇതിന്റെയെല്ലാം ന്യൂസ്റീല് നാടൊട്ടുക്കുമുള്ള സിനിമാശാലകളിലും ടെലിവിഷനിലും പ്രദര്ശിപ്പിച്ചു.

അപ്പോഴത്തേക്കും രാഷ്ട്രീയപ്പാര്ട്ടികള് ഉഷാറായി മുന്നോട്ടു വന്നു. ജനങ്ങളുടെ മഹത്തായ സമരത്തിനു സഖാവു മൂക്കന് നേതൃത്വം കൊടുക്കണം! സഖാവു മൂക്കനോ! ആരുടെ, എന്തിന്റെ സഖാവ്? ഈശ്വരാ! പാവം മൂക്കന്!.... മൂക്കന്, പാര്ട്ടിയില് ചേരണം!

ഏതു പാര്ട്ടിയില്?

പാര്ട്ടികള് പലതാണ്. വിപ്ലവമാണ് ഉന്നം. ജനകീയ വിപ്ലവം. എല്ലാ ജനകീയവിപ്ലവപാര്ട്ടികളിലും ഒരേ സമയത്തു മൂക്കന് എങ്ങനെ ചേരും?

മൂക്കന് പറഞ്ഞു:

"ഞാനെന്നാത്തിനാ പാര്ട്ടീലൊക്കെച്ചേരണത്? ഇനിച്ചു കയേ്യല!"

ഇങ്ങനെ ഇരിക്കുമ്പോള് സെക്രട്ടറിമാരില് ഒരു സുന്ദരി പറഞ്ഞു:

'എന്നോട് ഇഷ്ടമുണ്ടെങ്കില് സഖാവു മൂക്കന് എന്റെ പാര്ട്ടിയില് ചേരണം!'

മൂക്കന് മിണ്ടിയില്ല.

"ഞാമ്പല്ല പാര്ട്ടീലും ചേരണോ?"മൂക്കന് മറ്റേ സുന്ദരിയോടു ചോദിച്ചു. അവള്ക്കു കാര്യം മനസ്സിലായി. അവള് പറഞ്ഞു:

"ഓ, എന്തിന്?"

അപ്പോഴത്തേക്കും ഒരു വിപ്ലവപാര്ട്ടിക്കാര് മുദ്രാവാക്യം ഇട്ടുകഴിഞ്ഞു:

"നമ്മുടെ പാര്ട്ടി മൂക്കന്റെ പാര്ട്ടി! മൂക്കന്റെ പാര്ട്ടി ജനങ്ങളുടെ വിപ്ലവപാര്ട്ടി!"

ഇതു കേട്ടപ്പോള് മറ്റേ ജനകീയ വിപ്ലവപാര്ട്ടിക്കാര്ക്ക് അരിശം മൂത്തു. അവര് മൂക്കന്റെ സെക്രട്ടറിമാരായ സുന്ദരികളില് ഒരുത്തിയെക്കൊണ്ട് മൂക്കനെതിരായി ഒരു ഭയങ്കര പ്രസ്താവന ഇറക്കിച്ചു:

"മൂക്കന് ജനങ്ങളെ വഞ്ചിച്ചു! പിന്തിരിപ്പന് മൂരാച്ചിയാണു മൂക്കന്. ഇത്രയും കാലം മൂക്കന് ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. ഈ കൊടിയ വഞ്ചനയില് എന്നെയും പങ്കാളിയാക്കി. ഞാന് ഖേദിക്കുന്നു. ഞാന് ജനങ്ങളോടു സത്യം പറയുന്നു; മൂക്കന്റെ മൂക്കു വെറും റബ്ബര്മൂക്കാണ്!"

ഹു! ഈ പ്രസ്താവന ലോകത്തിലുള്ള എല്ലാ പത്രങ്ങളും വലിയ ഗമയില് പ്രസിദ്ധപ്പെടുത്തി. മൂക്കന്റെ മൂക്ക് റബ്ബര്മൂക്കാണ്! മഹാമൂരാച്ചിമൂക്കന്. കള്ളന്, വഞ്ചകന്, അറുപിന്തിരിപ്പന്, ഒറിജിനല് മൂക്കല്ല!

ഇതു കേട്ടാല് ജനകോടികള് അമ്പരക്കാതിരിക്കുമോ? ക്ഷോഭിക്കാതിരിക്കുമോ? ഒറിജിനല് മൂക്കലേ്ല? അല്ല! ലോകത്തിന്റെ നാനാഭാഗങ്ങളില്നിന്നും കമ്പികള്, ഫോണ് കോളുകള്, കത്തുകള്! പ്രസിഡണ്ടിന് ഇരിക്കപ്പൊറുതിമുട്ടി.

"ജനവഞ്ചകനായ റബ്ബര്മൂക്കന് നശിക്കട്ടെ. റബ്ബര് മൂക്കന്റെ കള്ള പിന്തിരിപ്പന്

പാര്ട്ടി നശിക്കട്ടെ! ഇങ്കിലാബ് സിന്ദാബാദ്!" ഈ പ്രസ്താവന മൂക്കന്റെ എതിര്പാര്ട്ടിക്കാര് ഇറക്കിയപ്പോള് മറ്റേ വിപ്ലവപാര്ട്ടിക്കാര് മറ്റേ സെക്രട്ടറി സുന്ദരിയെക്കൊണ്ടു വേറൊരു ഉശിരന് വിപ്ലവ പ്രസ്താവന ഇറക്കിച്ചു:

"പ്രിയപ്പെട്ട നാട്ടുകാരെ, ലോകരെ! അവള് പറഞ്ഞതു തികച്ചും കളവാണ്. അവളെ സഖാവു മൂക്കന് ഒട്ടും പ്രേമിച്ചില്ല. അതിന്റെ കുശുമ്പാണ്. സഖാവു മൂക്കന്റെ പണവും പ്രശസ്തിയും പിടിച്ചുപറ്റാനാണ് അവള് ശ്രമിച്ചത്. അവളുടെ ആങ്ങളമാരില് ഒരുത്തന് മറ്റേ പാര്ട്ടിയിലുണ്ട്. കള്ളന്മാരുടെ ആ പാര്ട്ടിയുടെ തൊലി ഉരിച്ചുകാണിക്കാന് ഞാന് ഈ സന്ദര്ഭം ഉപയോഗിച്ചുകൊള്ളുന്നു. ഞാന് സഖാവു മൂക്കന്റെ വിശ്വസ്ത സെക്രട്ടറിയാണ്. എനിക്കു നേരിട്ടറിയാം, സഖാവിന്റെ മൂക്കു റബ്ബറല്ല. എന്റെ ഹൃദയംപോലെ തനി ഒറിജിനല്. മായമില്ല, മന്ത്രമില്ല, അനുകരണമില്ല. തനി... എന്റെ ഹൃദയംപോലെ. പ്രതിഫലേച്ഛ കൂടാതെ ഈ ആപല്സന്ധിയില് സഖാവു മൂക്കന്റെ പിന്നില് അണിനിരന്നിരിക്കുന്ന ജനകീയ മുന്നേറ്റ വിപ്ലവപാര്ട്ടി സിന്ദാബാദ്! സഖാവു മൂക്കന് സിന്ദാബാദ്! സഖാവു മൂക്കന്റെ പാര്ട്ടി ജനങ്ങളുടെ മുന്നേറ്റവിപ്ലവ പാര്ട്ടി! ഇങ്കിലാബ് സിന്ദാബാദ്!"

എന്തു ചെയ്യും? ജനങ്ങള്ക്കാകെ ആശയക്കുഴപ്പം. അപ്പോഴേക്കും മൂക്കന്റെ വിപ്ലവപാര്ട്ടിയുടെ എതിര് വിപ്ലവപാര്ട്ടിക്കാര് ഗവണ്മെന്റിനേയും പ്രസിഡന്റിനേയും പ്രധാനമന്ത്രിയേയും ചീത്തപറയാന് തുടങ്ങി:

"മണ്ടന് പളുങ്കുസന് ഗവണ്മെന്റ്! റബ്ബര്മൂക്കുകാരന് ജനവഞ്ചകനു 'നാസികപ്രമുഖന്' എന്ന ബഹുമതി കൊടുത്തു. വജ്രഖചിതമായ സ്വര്ണമെഡല് കൊടുത്തു. ഈ ജനവഞ്ചനയില് പ്രസിഡണ്ടിനും പ്രധാനമന്ത്രിക്കും ഉണ്ടല്ലോ പങ്ക്. ഈ ഭയങ്കര ഗൂഢാലോചനയില് ഒരു ചേരി തിരിവുണ്ട്. പ്രസിഡണ്ടും പ്രധാനമന്ത്രിയും രാജിവയ്ക്കണം! മന്ത്രിസഭ രാജിവയ്ക്കണം! റബ്ബര്മൂക്കനെ കൊല്ലണം!"

ഇതു കേട്ടു പ്രസിഡണ്ട് ക്ഷോഭിച്ചു. പ്രധാനമന്ത്രിയും ക്ഷോഭിച്ചു. ഒരു പ്രഭാതത്തില് പട്ടാളവും ടാങ്കുകളും പാവപ്പെട്ട മൂക്കന്റെ ഹര്മ്യം വളഞ്ഞു. മൂക്കനെ അറസ്റ്റ് ചെയ്തു കൊണ്ടുപോയി.

പിന്നീടു കുറെ ദിവസത്തേക്ക് മൂക്കനെ സംബന്ധിച്ച യാതൊരു വാര്ത്തകളുമില്ല. ജനങ്ങള് മൂക്കനെ അങ്ങ് മറന്നു. എല്ലാം ശാന്തം. എന്നാല് വന്നു സാക്ഷാല് ഹൈഡ്രജനും ആറ്റനും നൃക്കിളിയറും! എന്താണെന്നോ? ജനങ്ങള് മറന്നുകഴിഞ്ഞപ്പോള് പ്രസിഡണ്ടിന്റെ ചെറിയ ഒരു പ്രഖ്യാപനമുണ്ടായി:

"മാര്ച്ച് 9-ന് നാസികപ്രമുഖന്റെ പരസ്യവിചാരണയുണ്ടാവും. മൂക്ക് ഒറിജിനലാണോ... 48 രാജ്യങ്ങളുടെ പ്രതിനിധികളായി വരുന്ന വിദഗ്ദ്ധ ഡോക്ടറന്മാരാണു മൂക്കനെ പരിശോധിക്കുന്നത്. ലോകത്തിലെ എല്ലാ പത്ര ങ്ങളുടെയും പ്രതിനിധികളുണ്ടാകും. റേഡിയോ, സിനിമ, ടി.വി., സര്വ ക്ലാപ്പികളും. ഈ വിചാരണ എല്ലാ നാട്ടുകാര്ക്കും ന്യൂസ്റീലില് കാണാന് കഴിയും. ജനങ്ങള് പരമശാന്തരായി വര്ത്തിക്കുക."

മണ്ടക്കൂട്ടമല്ലേ്യാ ജനം. തനി ബഡ്ഢൂസുകള്, വിപ്ലവകാരികള്. അവര് ശാന്തരായൊന്നും വര്ത്തിച്ചില്ല. അവര് തലസ്ഥാന മഹാനഗരിയില് തടിച്ചുകൂടി. ഹോട്ടലുകള് കയ്യേറി. പത്രങ്ങളുടെ ഓഫീസുകള് തകര്ത്തു. സിനിമാശാലകള്ക്കു തീവെച്ചു. മദ്യഷാപ്പുകള് കൈയടക്കി. വാഹനങ്ങള് തകര്ത്തു. പോലീസ് സ്റ്റേഷനു

കള്ക്കും തീവെച്ചു. സര്ക്കാര് കെട്ടിടങ്ങള് നശിപ്പിച്ചു. കുറെ വര്ഗീയലഹളകള് ഉണ്ടായി. കുറെ അധികം പേര് ഈ മൂക്കന് സമരത്തില് രക്തസാക്ഷികളായി. മംഗളം. ശാന്തം.

മാര്ച്ച് 9. മണി പതിനൊന്നായപ്പോള് പ്രസിഡണ്ടു മന്ദിരത്തിനു മുന്വശം മനുഷ്യമഹാസമുദ്രംതന്നെ ആയിത്തീര്ന്നു. അപ്പോള് ഉച്ചഭാഷിണികള് ലോകത്തിനോടായി ശബ്ദം മുഴക്കി: ജനങ്ങള് അച്ചടക്കം പാലിക്കണം. വായകള് അടച്ചുവയ്ക്കുക. പരിശോധന തുടങ്ങി!

പ്രസിഡണ്ടിന്റെയും പ്രധാനമന്ത്രിയുടെയും മറ്റ് അനേകം മന്ത്രിമാരുടെയും മഹനീയ സാന്നിദ്ധ്യത്തില് ഡോക്ടര്മാര് ശ്രീജിത്ത് മൂക്കനെ വളഞ്ഞു... ഉത്കണ്ഠാകുലരായ ജനകോടികള്! ശ്വാസം അടക്കിക്കൊണ്ടുള്ള നില!

ഒരു മഹാഡോക്ടര് മൂക്കന്ജിയുടെ മൂക്കിന്റെ തുമ്പ് അടച്ചു. അപ്പോള് മൂക്കന്ജി വായ പൊളിച്ചു. വേറൊരു മഹാഡോക്ടര് മൊട്ടുസൂചികൊണ്ടു മൂക്കിന്റെ തുമ്പത്തു കുത്തി. അപ്പോള് അത്ഭുതമെന്നുവേണം പറയാന്, ശ്രീജിത്ത് മൂക്കന്റെ മൂക്കിന്റെ തുമ്പത്ത് ഒരു തുള്ളി ചുവന്ന പരിശുദ്ധചോര പൊടിച്ചു!

"മൂക്കു റബ്ബറല്ല! അനുകരണമല്ല! തനി ഒറിജിനല്." മഹാഡോക്ടറന്മാരുടെ ഐകകണ്ഠ്യേനയുള്ള വിധി!

മൂക്കന്സാഹിബിന്റെ സുന്ദരി സെക്രട്ടറിപ്പെണ്ണ് മൂക്കന്ജിയുടെ തിരുമൂക്കിന്റെ തുമ്പത്തു ഗാഢമായി ചുംബിച്ചു.

"സഖാവു മൂക്കന് സിന്ദാബാദ്! നാസികപ്രമുഖന് സിന്ദാബാദ്! സഖാവു മൂക്കന്റെ ജനകീയ മുന്നേറ്റപ്പാര്ട്ടി സിന്ദാബാദ്! ജനാബ് മൂക്കന്റെ മൂക്ക്-ഒറിജിനല് മൂക്ക്! ഒറിജിനല്!! ഒറിജിനല്!!!"

അണ്ഡകടാഹങ്ങള് തകര്ന്നേക്കാവുന്ന ഒച്ച്!.... ഒറിജിനല്! തനി ഒറിജിനല്!

ഈ ആരവം അടങ്ങിയപ്പോള് രാഷ്ട്രപതി എന്ന മഹാപ്രസിഡണ്ട് ഒരു പുതുപുത്തന് ഡാവു കൂടി കാണിച്ചു. സഖാവു മൂക്കനെ 'മൂക്കശ്രീ' എന്നുള്ള തകര്പ്പന് ബഹുമതിയോടെ പാര്ലമെന്റിലേക്കു നോമിനേറ്റ് ചെയ്തു!

മൂക്കശ്രീ മൂക്കന് എം.പി.!

രണ്ടുമൂന്നു യൂണിവേഴ്സിറ്റികള് മൂക്കശ്രീ മൂക്കന് സാഹിബിന് എം.ലിറ്റും ഡി. ലിറ്റും നല്കി ആദരിച്ചു.

മൂക്കശ്രീ മൂക്കന്- മാസ്റ്റര് ഓഫ് ലിറ്ററേച്ചര്!

മൂക്കശ്രീ മൂക്കന്-ഡോക്ടര് ഓഫ് ലിറ്ററേച്ചര്.

എന്നാലും മണ്ടക്കൂട്ടമല്ലേ്യാ ജനം. തനി ബഡുക്കൂസുകള്! മണ്ടക്കൂട്ടത്തെ ഭരിക്കുന്ന സര്ക്കാര്!

മൂക്കശ്രീ മൂക്കനെ കിട്ടാത്ത സുന്ദരിയുടെ പാര്ട്ടിക്കാര് ഒരൈക്യമുന്നണിയായി പറഞ്ഞും എഴുതിയും പ്രസംഗിച്ചും നടക്കുകയാണ്. പ്രസിഡണ്ടു രാജിവയ്ക്കണം. പ്രധാനമന്ത്രി രാജിവയ്ക്കണം! മന്ത്രിസഭയും രാജി വയ്ക്കണം. ജനവഞ്ചന!.... മൂക്കന്റെ മൂക്ക് റബര്മൂക്ക്! ഒറിജിനല് അല്ലേയല്ല!

നോക്കണേ വിപ്ലവത്തിന്റെ പോക്ക്!

ബുദ്ധിജീവികള്, ദാര്ശനികര്-എന്തു ചെയ്യും? ആശയക്കുഴപ്പമുണ്ടാകാതിരിക്കുമോ...സംഭവം വിശ്വവിഖ്യാത മായ മൂക്ക്.

മംഗളം.

ശുഭം

# നീതിന്യായം

കോടതിയിലെ വിസ്താരനടപടികളെല്ലാം ആ പ്രതി അവജ്ഞയോടെ നോക്കിക്കൊണ്ടു നില്കുകയും അതൊന്നും തന്നെ സംബന്ധിക്കുന്നതല്ലെന്ന ഭാവത്തില് അലക്ഷ്യമായി പെരുമാറുകയും ചെയ്തിരുന്ന അബ്ദുര് റസ്സാക്കില്നിന്ന് ആരും ഒരു തര്ക്കവും പ്രതീക്ഷിച്ചില്ല.

അയാള് കുറ്റം സമ്മതിക്കുമെന്നും അന്നുതന്നെ ശിക്ഷയുണ്ടാകുമെന്നും പോലീസുകാരും നാട്ടുപ്രമാണികളായ മുസ്ലിം പൗരന്മാരും വിചാരിച്ചിരുന്നു. അതു ശരിയായിരുന്നു താനും. ബഹുമാനപ്പെട്ട ജഡ്ജി വസീര് ഹുസയിന് വിധിന്യായം എഴുതി തയ്യാറാക്കിയിട്ടുമുണ്ടായിരുന്നു.

കേസു വിളിച്ചു. പോലീസകമ്പടിയോടെ ബലിഷ്ഠകായനായ പ്രതി കൂട്ടില് കയറി. അയാള് അപ്പോഴും അക്ഷോഭ്യനായിരുന്നു.

അയാളുടെ മേലുള്ള കുറ്റപത്രം വായിച്ചു കേള്പ്പിച്ചിട്ട് ജഡ്ജി ചോദിച്ചു:

"നിങ്ങള് ഈ കുറ്റം ചെയ്തിട്ടുണ്ടോ?"

അബ്ദുര് റസ്സാക്ക് ദൃഢമായ സ്വരത്തില് പറഞ്ഞു:

"ഉണ്ട്."

ജഡ്ജി വീണ്ടും ചോദിച്ചു:

"നിങ്ങളെ ശിക്ഷിക്കാതിരിക്കാന് എന്തെങ്കിലുംകാരണമുണ്ടോ?"

അബ്ദുര് റസ്സാക്ക് നിവര്ന്നുനിന്നു. അയാളുടെ കണ്ണുകള് തെളിഞ്ഞു-രൂക്ഷമായി. കോടതിയില് എല്ലാവരും കേള്ക്കത്തക്ക വിധത്തില് സ്ഫുടതയോടെ ദൃഢമായി അയാള് പറഞ്ഞു:

"ബഹുമാനപ്പെട്ട കോടതി ദയവായി ക്ഷമയോടെ കേള്ക്കണം. എനിക്കല്പം പറയാനുണ്ട്.

"ഇസ്ലാമില് ഒരു നിയമമുള്ളതു ബഹുമാനപ്പെട്ട ജഡ്ജിക്കും ഈ കോടതിയില് കൂടിയിരിക്കുന്ന മുസ്ലിം പ്രമാണികള്ക്കും അറിയാമായിരിക്കണം. അശരണരെ സംരക്ഷിക്കുക, ജോലിയില്ലാത്തവര്ക്കു ജോലി ഉണ്ടാക്കിക്കൊടുക്കുക, പാവപ്പെട്ടവരുടെ കുഞ്ഞുങ്ങള്ക്കു വിദ്യാഭ്യാസത്തിനു സഹായം നല്കുക, പാവപ്പെട്ട രോഗികള്ക്കു

വൈദ്യസഹായം ചെയ്യുക, വിവാഹപ്രായമായ സാധു യുവതികളെ വിവാഹം ചെയ്യിക്കുക.

"ഇതെല്ലാം പണക്കാരുടെ ചുമതലയാണ്. ഇതിനാണ കരുണാമയനും നീതിജ്ഞനുമായ അല്ലാഹ് ഇവര്ക്ക പണം കൊടുത്തിട്ടുള്ളത്. ഇതൊന്നും ഇവിടത്തെ പണക്കാരായ മുസ്ലിം പ്രമാണികള് ചെയ്തിട്ടില്ല. ഒരുപക്ഷേ, മറന്നുപോയിട്ടായിരിക്കാം. ഞാന് ആരെയും കുറ്റപ്പെടുത്തുന്നില്ല. ആരു കുറ്റം ചെയ്തുവോ അവരെ അല്ലാഹ് ശിക്ഷിക്കും. ഞാന് ചെയ്ത കുറ്റമാണ ഞാന് പറയാന് പോകുന്നത്.

"എന്റെ ബാപ്പാ മരിക്കുന്ന കാലത്തു ഞാന് സ്കൂളില് പഠിക്കുകയായിരുന്നു. അന്നെന്റെ സഹോദരിക്ക് ഒമ്പതാണ വയസ്സ്. അവളെ സ്കൂളില് ചേര്ത്തിട്ടേ ഉണ്ടായിരുന്നുള്ളൂ. പിതാവു മരിച്ചിട്ടു മൂന്നു മാസം കഴിയുന്നതിനു മുമ്പ് ഇവിടത്തെ ഒരു മുസ്ലിം പ്രമാണി ഞങ്ങളെ കുടിയിറക്കി.

"ഞാനും എന്റെ തള്ളയും സഹോദരിയും എങ്ങോട്ടു പോകും? പകല് മുഴുവനും രാത്രി മുഴുവനും ഞങ്ങള് ഒരൊഴിഞ്ഞ പീടികത്തിണ്ണയില് കഴിച്ചുകൂട്ടി. പിറ്റേദിവസം ഞങ്ങള്ക്കു സ്ഥലം കിട്ടി. എന്റെ സഹപാഠിയായ ഒരു നായര്യുവാവ് അച്ഛനെ പറഞ്ഞു സമ്മതിപ്പിച്ച് ആ പീടികയുടെ ഒരു മുറി ഞങ്ങള്ക്കു താമസിക്കാന് തന്നു.

"പഴയ കഥയാണ്. ഞാന് എന്റെ സഹോദരിയെ പഠിപ്പിച്ചു. മാതാവിനു ചോറു കൊടുത്തു. എന്റെ പിടലിക്ക് ഇത്ര വണ്ണംവച്ചത് അരിച്ചാക്കു ചുമന്നിട്ടാണ്. ഒരേ സമയത്തു രണ്ടു ചാക്ക് അരി ഞാന് ചുമക്കും. ചുമടില്ലാത്തപ്പോള് ബീഡി തെറുക്കും അടയ്ക്കാക്കച്ചവടം ചെയ്യും ഉണക്കമീന് കച്ചവടം ചെയ്യും.

"ഇങ്ങനെ ഒമ്പതു കൊല്ലം കഴിഞ്ഞു. എന്റെ സഹോദരി വിദ്യാഭ്യാസം മതിയാക്കി. തരക്കേടില്ലെന്നു തോന്നിയ കുഞ്ഞബ്ദുല്ലാക്കു വിവാഹം ചെയ്തുകൊടുത്തു. എണ്ണൂറു രൂപാ ഞാന് സ്ത്രീധനവും കൊടുത്തു. ഈ എണ്ണൂറു രൂപാ ഞാന് എങ്ങനെ ഉണ്ടാക്കിയതാണെന്നു കോടതിക്കു മനസ്സിലായല്ലോ.

"കൊല്ലം മൂന്നു കഴിഞ്ഞു. സഹോദരിക്കു മൂന്നു കുഞ്ഞുങ്ങളുണ്ടായി. ഇതിനിടെ എന്റെ സഹോദരിയെ കുഞ്ഞബ്ദുല്ല ചവിട്ടുകയും തൊഴിക്കുകയും ചെയ്തിരുന്ന വിവരം എനിക്കറിയാം. ഭര്ത്താവു ഭാര്യയെ ശിക്ഷിക്കുന്നു. ഞാന് ഒന്നും പറഞ്ഞില്ല.

"എട്ടു മാസത്തിനുമുമ്പ് കുഞ്ഞബ്ദുല്ല ഭാര്യയേയും കുട്ടികളേയും എന്റെയടുത്തു കൊണ്ടുവന്നാക്കി. സഹോദരി വളരെ ക്ഷീണിച്ചിരിക്കുന്നു. രോഗിയുമാണ്. ഞാന് ചികിത്സിപ്പിച്ചു. അങ്ങനെയിരിക്കെ കുഞ്ഞബ്ദുല്ല എന്റെ സഹോദരിയെ ഉപേക്ഷിച്ചിരിക്കുന്നു എന്നു കേട്ടു. മൊഴി ചൊല്ലി! എന്തു മൊഴി?... മൊഴി ചൊല്ലാന് എന്താ കാരണം? ഞാന് ചെന്നു ചോദിച്ചു.

കുഞ്ഞബ്ദുല്ല പറഞ്ഞു: "മനസ്സാണ്. ഞാന് അവളെ മൊയി ചൊല്ലീരിക്ക്ണ്. നിനക്കെന്താ?"

"ഒന്നുമില്ല. ഇസ്ലാമിലെ നിയമമാണല്ലോ. സ്ത്രീയുടെ യൗവനം നശിപ്പിച്ചിട്ട് അവളെയും കുഞ്ഞുങ്ങളെയും പുറംതള്ളിയേക്കുക. എന്നിട്ടു വേറൊന്നിനെ കല്യാണം കഴിക്കാം.

"ഞാന് പോന്നു. അങ്ങനെ ഇരിക്കെ കുഞ്ഞബ്ദുല്ല കല്യാണം കഴിക്കാന് പോകുന്നു എന്നു കേട്ടു.

"കല്യാണത്തിനു ഞാനും പോയി. നിക്കാഹിനുമുമ്പ് ഞാന് കുഞ്ഞബ്ദുല്ലയെ

പിടിച്ചു മുറ്റത്തു കൊണ്ടുവന്നു. എന്നിട്ടു കാലുകളില് രണ്ടിലും കൂടി പിടിച്ച് ആഞ്ഞ്, ആഞ്ഞ് അവനെ ഞാന് തെങ്ങില് അടിച്ചുകൊന്നു!

"ഞാന് അല്ലാഹുവിന്റെ മുമ്പില് കുറ്റക്കാരനല്ല. എനിക്കത്രയേ പറയാനുള്ളൂ.

കോടതിയിലെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ജഡ്ജി പറഞ്ഞു:

"ദൈവത്തിന്റെ നീതിന്യായവും രാജ്യത്തിന്റെ നിയമവും എപ്പോഴും പൊരുത്തപ്പെട്ടു എന്നു വരുന്നതല്ല. ഞാന് ദൈവത്തിന്റെ നീതിക്കു വഴങ്ങുന്നുവെങ്കില് ഈ പ്രതി നിര്ദോഷി എന്നുകണ്ടു വെറുതെ വിടേണ്ടതാണ്. എന്നാല്, ഈ രാജ്യത്തിന്റെ നീതിന്യായം അനുശാസിക്കുന്നു, ഈ പ്രതി ചെയ്ത കുറ്റം പരമാവധി ശിക്ഷ അര്ഹിക്കുന്നു എന്ന്.

"ഈ നീതിപീഠം വികാരങ്ങള്ക്കു വശപ്പെടാതെ നിയമം നടത്തുവാന് ബാദ്ധ്യസ്ഥമാണ്.' ഇത്രയും പറഞ്ഞിട്ട് ജഡ്ജി വസീര് ഹുസയിന്, അബ്ദുര് റസ്സാക്കിനെ തൂക്കിക്കൊല്ലാന് വിധിച്ചു.

തൂക്കിക്കൊല്ലുകയും ചെയ്തു.

കരുണാമയനായ അല്ലാഹ് അബ്ദുര് റസ്സാക്കിന്റെ ആത്മാവിനു നിത്യശാന്തി നല്കി അനുഗ്രഹിക്കട്ടെ.

മംഗളം

# പഴയ ഒരു കൊച്ചു പ്രേമകഥ

പേ്രമസുരഭിലമായ കാലഘട്ടത്തില്, പണ്ട്, യുഗങ്ങള്ക്കുമുമ്പ് എന്ന മട്ടില് സംഭവിച്ച... പഴയ ഒരു കൊച്ചു പേ്രമകഥയാണു പറയാന് പോകുന്നത്. പേ്രമത്തിനകത്ത് എപ്പോഴും കാമവും ഉണ്ടായിരിക്കുമല്ലോ. അന്നു നന്നേ ചെറുപ്പം. ചുണ, ധീരത. യൗവനത്തിന്റെ തീക്ഷ്ണതയിലായിരുന്നു. വീണ്ടുവിചാരമില്ല. എടുത്തു ചാട്ടം. ഹൃദയം ചൂണ്ടിയ വഴിയേ പോകുക... അന്ധമായ മോഹനകാലഘട്ടമേ നിനക്കു വന്ദനം!

വിശന്നു വിശന്നങ്ങനെ ജീവിക്കുക. എല്ലാത്തരം വിശപ്പും; എല്ലാത്തരം ദാഹവും. ശമനത്തിന് ഒരു പോം വഴിയുമില്ല. ആരോടോ, എന്തിനോടോ രോഷമുണ്ട്; ഉഗ്രമായ രോഷം. എങ്കിലും ആദര്ശത്തിന്റെ സുന്ദര പഥത്തിലാണ് ജീവിതം. എല്ലാം നേരെയാവും; നേരെയാക്കും. ചുടുചോരയില് കഴുകി പ്രപഞ്ചങ്ങളെ ആകമാനം പുതുക്കിക്കളയും! വിപ്ലവകാരിയാണ്; കൊല്ലാന് മടിയില്ലാത്ത ഭീകരസംഘനേതാവ്... കഠാരിയും റിവോള്വറും ഏന്തി നടന്ന ഭീകര ഭീകരമായ കാലഘട്ടമേ നിനക്കു വന്ദനം!

പേനത്തുമ്പില്നിന്ന് അന്നു തീമഴ പെയ്തിരുന്നു. കൊടുങ്കാറ്റടിച്ചിരുന്നു. സംഹാരമായിരുന്നു ജീവിതലക്ഷ്യം. ഈ ലക്ഷ്യത്തോടു കൂടിയ മുന്നൂറിലധികം യുവാക്കളുണ്ടായിരുന്നു. അന്നു ഞങ്ങള്ക്കൊരു പത്രവും. ഞാനായിരുന്നു പത്രാധിപര്.

തീപ്പെട്ടിപോലുള്ള ചെറിയ ഒരു മുറിയാണ് പത്രമാഫീസ്.

താമസവും അവിടെത്തന്നെ. രാവും പകലും ചിന്തയാണ്; എഴുത്താണ്. രാവും പകലും കൂടിയാലോചനകളാണ്. രാവും പകലും പ്രവര്ത്തനങ്ങളാണ്.

എന്റെ വാക്കാണു വേദവാക്യം. ഞാന് വളരെ മാന്യനാണ്. അനിഷേധ്യനേതാവ്. എങ്കിലും ഹൃദയത്തിനു വലിയ കടുകടുപ്പ്. ഒരു വിങ്ങല്. ചെറിയ തോതില് വിഷാദവുമുണ്ട്.

ഭീകരപ്രവര്ത്തനങ്ങള്ക്കിതൊന്നും പറ്റിയതല്ല. എന്നാലും വിഷാദകരങ്ങളായ ഗാനങ്ങള് ആലപിക്കാന് തോന്നും.

രണ്ടു ജാതി വികാരങ്ങളാണു മനസ്സില്. രണ്ടും സമരം ചെയ്യുന്നു. ആകെക്കൂടി ഒരു

ശ്വാസംമുട്ടലുപോലെ.

ഇങ്ങനെ തോന്നുമ്പോള് മുറ്റത്തിറങ്ങും. മതിലിന്റെ അരികത്തു ചെന്നു വിശാലമായ ലോകത്തിലേക്കു നോക്കും. അങ്ങനെ നോക്കിനില്ക്കുമ്പോള് ഒരു ദിവസം ഞാന് സുന്ദരിയായ ഒരു യുവതിയെ കണ്ടു! സുന്ദരിയായ യുവതി... മാദകത്തിടമ്പ്!

പ്രഥമ വീക്ഷണം...

പ്രേമത്തില് കുടുങ്ങാന് പിന്നെ അധികനിമിഷങ്ങള് വേണ്ടിവന്നില്ല. മോഹനകളേബരേ, ദേവീ, നിന്നെ ഞാന് ആരാധിക്കുന്നു-മഹാമായേ!

ഇങ്ങനെ ഗാനമുതിര്ത്തുകൊണ്ടു ഞാന് അവളെ നോക്കിനിന്നു. ആരാധനയാണ്, ആരാധന!

ഈ വിവരങ്ങളൊന്നും അവള് അറിഞ്ഞില്ല. അവള് എന്നെ കണ്ടില്ല.

ഞാനവളെ കണ്ടതുതന്നെ ഒരു യാദൃച്ഛികസംഭവമാണ്. ഒരു പ്രത്യേക സ്ഥലത്തുനിന്ന് ഒരു പ്രത്യേക ഭാഗത്തേക്കു നോക്കി. അവളെ കണ്ടു!

ഉടനെതന്നെ അവിടം പുണ്യസ്ഥലമായിത്തീര്ന്നു. ഞാന് നിന്ന സ്ഥലമോ? ഹോ! അവളെ നിന്നുകണ്ട സ്ഥലമാണല്ലോ! പുണ്യഭൂവിഭാഗം!

കൈമുട്ടുകള് രണ്ടും കന്മതിലില് കൊള്ളിച്ച് കൈവിരലുകള് ശിരസ്സിന്റെ രണ്ടു വശങ്ങളില് വച്ചുകൊണ്ടു കിഴക്കോട്ടു നോക്കി ഞാന് നില്ക്കുകയാണ്. മതിലിന്റെ അപ്പുറത്തു വാഴകള് നിറഞ്ഞ ഒരു പറമ്പ്. പറമ്പിന്റെ അതിരില് മതില്ക്കെട്ട്. അതിന്നപ്പുറത്തു തെക്കുവടക്കായി പബ്ലിക് റോഡ്. റോഡരികില് ഇരുനില വീടുകള്.

എന്റെ ഇടതുവശം കിഴക്കു പടിഞ്ഞാറായി നഗരത്തെ രണ്ടായി പകുത്തുകൊണ്ടു വൃത്തികെട്ട വലിയ ഒരു തോട്. തോടിന്റെ ഇരുവശവും ഉയര്ന്ന കന്മതിലുകള്. അങ്ങേക്കരയുള്ള കന്മതില് പണിയുന്ന കാലത്തു മതിലിന്റെ വഴിയില് ഒരു തെങ്ങു നിന്നിരുന്നു. തെങ്ങിനോട്ടു ചേര്ത്തു മതില് കെട്ടിയങ്ങുപോയി. കാലം കുറെ കഴിഞ്ഞപ്പോള് ആ തെങ്ങു വെട്ടി. അങ്ങനെ ആ വെള്ളമതിലില് ഒരു ശൂന്യത അവശേഷിച്ചു.

ആ ശൂന്യത എന്നു പറയുന്ന വിടവിലൂടെയാണ് ഞാനവളെ കാണുന്നത്. കൊഴുത്തുരുണ്ട വെളുത്ത സുന്ദരി. ബോഡീസില് അമര്ന്നുനില്ക്കുന്ന കനത്ത മാറിടങ്ങള് ഉരുണ്ടുരുണ്ടു ഉന്തിനില്ക്കുകയാണ്-ശരീരംപറ്റിയുള്ള വെള്ളബ്ലൗസില്. നേരിയ ബ്ലൗസിലൂടെ എല്ലാം വ്യക്തം. മുടിക്കെട്ടഴിച്ചു തോളില് വിതറിയിട്ടുകൊണ്ട് അവള് സ്വപ്നം കാണുന്നു!

ദൈവമേ!

എന്താണവളുടെ മധുരസ്വപ്നം? എന്നെ കാണുന്നില്ലേ? സ്വര്ഗീയസുന്ദരീ, എന്തേ ഇങ്ങു നോക്കാത്തത്?

ഞാന് നിന്നു ചുമച്ചു. ഒന്നല്ല പത്തല്ല, ചുമ; ചുമകളുടെ കൊച്ചുകൊച്ചു മേഘഗര്ജനങ്ങള്!

എല്ലാം നിഷ്ഫലം. ആ സ്വപ്നസുന്ദരി കേള്ക്കുന്നില്ല. എന്താണു കേള്ക്കാത്തത്?

പിന്നെയങ്ങോട്ടു ചുമയാണു ജീവിതം. ചുമകളുടെ അഖണ്ഡയജ്ഞം! ആ പുണ്യസ്ഥലത്തു ചെന്നു നില്ക്കുക; കറുത്ത വിടവിലൂടെ നോക്കുക. അവള് അവിടെയെങ്ങാനുമുണ്ടോ? പെട്ടെന്നു കണ്ടാല് ഉടനെ ചുമയ്ക്കണം? പാകത്തിനു ചുമയ്ക്കാന് ധാരാളം ചുമകള് സ്റ്റോക്കു ചെയ്തു കാത്തുനില്പാണ്. ചിലപ്പോള് മിന്നായംപോലെ കാണും.

അരഡസന് ചുമകള് ഒന്നൊന്നായി ക്ഷണത്തില് പുറത്തേക്കു വിടും! ഒരു ഫലവുമില്ല. ചുമ കേള്ക്കുകയുമില്ല. നോക്കുകയുമില്ല. ചത്തുകളഞ്ഞാലോ?

ഇങ്ങനെ വിഷാദം നിറഞ്ഞ ഒന്നൊന്നര മാസം പോയി. അപ്പോഴത്തേക്കും ആ വീടിന്റെയും അതിന്റെ പടിഞ്ഞാറു വശമുള്ള വീടിന്റെയും ചരിത്രങ്ങള് ഞാന് മനസ്സിലാക്കിക്കഴിഞ്ഞു. വിശേഷിച്ചൊന്നുമില്ല. മാനമായ നിലയില് കഴിയുന്ന മാന്യഗൃഹങ്ങളാണ്.

എന്റെ ആരാധനാമൂര്ത്തി ഒരു വേലക്കാരിയാണ്! സര്വന്റ്!

എന്നാലെന്ത്? പ്രേമത്തിനു ചെറ്റക്കുടിലെന്നും കൊട്ടാരമെന്നുമുള്ള ക്ഷുദ്രവ്യത്യാസങ്ങള് വല്ലതുമുണ്ടോ? പ്രേമം ശാശ്വതമാണ്; ദിവ്യമാണ്.

പക്ഷേ, അവളെന്നെ കണ്ടിട്ടില്ല; അവളുടെ മാനസിക ലോകത്തില് ഞാന് ഉദയം ചെയ്തിട്ടില്ല.

ധാരാളം ചുമകളുടെ സ്റ്റോക്കുമായി ഞാന് നില്ക്കുകയാണ്. ഒടുവില് ഞാന് തീര്ത്തും നിരാശനായി. എന്റെ ചുമകളെല്ലാം മരിച്ചു. എന്റെ ലോകം ഇരുണ്ടു. ചത്തുകളഞ്ഞാലോ?

അത്ഭുതം! അവളെന്നെ കണ്ടു!... അമൃതകിരണങ്ങള് പൊഴിച്ചുകൊണ്ടുയരുന്ന പനിമതി. എന്നെ കണ്ടു. ഞാന് കണ്ടു, അവള് നോക്കി. ഞാന് നോക്കി. അവള് മന്ദഹസിച്ചു. എനിക്കു മന്ദഹസിക്കാന് കഴിഞ്ഞില്ല. മന്ദഹാസം ഒരു ദൗര്ബല്യമല്ലേ? എങ്കിലും എന്നില് പുതിയ ഒരുന്മേഷം ഉദയം ചെയ്തു. എനിക്കിതാ ഒരു നിധി കിട്ടിയിരിക്കുന്നു! ഒടുവില് എന്റെ മോഹിനി പ്രസാദിച്ചു. ധന്യനാണു ഞാന്.

വിഷാദം നീങ്ങി. പ്രവര്ത്തനങ്ങളില് കൂടുതല് ഊര്ജസ്വലത കളിയാടി. ജീവിതം സുന്ദരമാണ്.

ദിവസവും ഞങ്ങള് കാണും; അവള് മന്ദഹസിക്കും. ഞാനും കുറേശ്ശ മന്ദഹസിക്കാന് പഠിച്ചു.

പ്രേമാര്ദ്രങ്ങളായ ദിവസങ്ങള് നീങ്ങിക്കൊണ്ടിരുന്നു. കവിതാമയങ്ങളായ ദിവസങ്ങള്.

അങ്ങനെയിരിക്കെ ഒരു സന്ധ്യ വന്നു. ആകാശത്തു നിന്നു പനിനീര് തളിക്കുന്നതുപോലെ കുറേശ്ശ മഴയുണ്ട്. സാന്റോബനിയനും ഹാഫ്ട്രൗസറുമായി ഞാനാ കറുത്ത വിടവിന്റെ നേരെ തോട്ടിന്റെ ഇക്കരെ നില്ക്കുകയാണ്. എളിയില് നഗ്നമായ കഠാരിയുമുണ്ട്. ഒരു ഭീകരപ്രവര്ത്തകന്റെ പക്കല് എപ്പോഴും മാരകായുധം ഉണ്ടായിരിക്കണമല്ലോ?

ഞാന് പ്രേമഭാജനത്തെ കാത്തു, കാത്തുനില്ക്കുകയാണ്. ലോഡ്ജിലേക്കു വരുന്നവരും ലോഡ്ജില്നിന്നു പോകുന്നവരും എന്നെ കാണുന്നുണ്ട്. ആരെങ്കിലും വരുമ്പോള് 'ഒന്നിനു' പോകാനെന്ന ഭാവത്തില് ഞാന് താഴെ ഇരിക്കും. അങ്ങനെ ഇരുന്നും നിന്നും സമയം കുറെ കഴിഞ്ഞു. പെട്ടെന്നു കറുത്ത വിടവു വെള്ളയാല്, സുന്ദരമായി നിറഞ്ഞു.

ഞാന് ആകെ ചൂടായി. ഹൃദയം വല്ലാതെ... ഓ, ഉമിനീര് വറ്റി. അപ്പോള് മന്ദ്രമധുരമായ ഒരു ശബ്ദം:

"എന്നാത്തിനാ മഴ കൊള്ളുന്നേ?" "ചുമ്മാ."

വികാരനിര്ഭരമായ നിമിഷങ്ങള് നീങ്ങുന്നു. യാതൊന്നും അറിയാതെ ആളുകള്

വൈദ്യുതപ്രകാശത്തില് മുങ്ങിയ റോഡിലൂടെ പോയിക്കൊണ്ടിരിക്കയാണ്. നാറുന്ന തോട്ടിലെവിടെയോ ഒരു തവളയെ നീര്ക്കോലിയോ ചേരയോ പാമ്പോ പിടിച്ചിരിക്കുന്നു. തവള വല്ലാതെ, മരണ വേവലാതിയോടെ കരയുകയാണ്. ഇരുട്ടിനു കട്ടി കൂടി വരുന്നു. കാഴ്ച മറഞ്ഞുവരികയാണ്. അവള് ചോദിച്ചു:

"പോയോ?"

"ഇല്ല, ഞാനങ്ങോട്ടു വരട്ടെ?" "എന്നാത്തിനാ?"

"ചുമ്മാ."

"വേണ്ട."

"വേണം! ഞാന് വരും!" "പട്ടിയൊണ്ട്!"

"സാരമില്ല!"

"അവരൊക്കെ ഇപ്പുറത്തേക്കുണ്ണാനിപ്പവരും!"

"സാരമില്ല! ഞാന് വരും!"

"അയ്യോ വേണ്ട!"

നിറഞ്ഞുനിന്ന വെള്ള പോയി. വിടവു പരിപൂര്ണമായി കറുത്തു.

ഞാന് മതിലില് കയറി ഇരുന്നു. വെളിച്ചം തോട്ടില് വീഴുന്നുണ്ട്; മതിലിന്റെ മുകള്ഭാഗത്തും. ഞാന് തോട്ടിലേക്കു പതുക്കെ ഇറങ്ങാന് നോക്കി. കാലെത്തുന്നില്ല. കാലുകള് നീട്ടി, കൈ വിട്ടു. പ്ളും...മുട്ടുവരെ ചെളി; അര വരെ വെള്ളം. ഇല്ലിമുള്ളുകളും കുപ്പിച്ചില്ലുകളുമുണ്ടെന്നു തോന്നുന്നു. പാദങ്ങളില് വെട്ടുകല്ലുകള് വച്ചുകെട്ടിയിട്ടുള്ളതുപോലെ, ഘനമായി, ഞാന് മുന്നോട്ടു നീങ്ങി. തോടിന്റെ മദ്ധ്യത്തിലെത്തി. വെളിച്ചത്തില് ഞാന് തെളിഞ്ഞു നില്ക്കുകയാണ്. വിപ്ലവകാരി!... ഒരടിപോലും മുന്നോട്ടു നീങ്ങാന് വയ്യ. ചെളിയില് പൂണ്ടു നില്ക്കുന്നു. ആളുകള് കാണും! മുന്നോട്ടു നീങ്ങണമല്ലോ?... ഞാന് മുന്നോട്ടു നീങ്ങി. നീങ്ങി നീങ്ങി തോടിന്റെ അക്കരെ പറ്റി. ഞാന് മുകളിലേക്കു നോക്കി. സ്തബ്ധനായിപ്പോയി!

വെള്ളനിരപ്പില്നിന്ന് ആകാശം മുട്ടെ എന്നവണ്ണം ഉയരത്തിലാണു മതില്! എന്തു ചെയ്യും? എങ്ങനെ കയറും? തിരികെപ്പോകാന്-! ഛേ, കയറണം! കൈയെത്താത്ത ഉയരത്തില് മതിലില് ഒരു ചെറിയ ആല് വളര്ന്നു നില്പ്പുണ്ട്.

ആ ആലില് ഞാന് ചാടി പിടികൂടി. പിന്നീടു ഞാന് അറിയുന്നതു ഞാന് മതിലിന്റെ മുകളില് ഇരിക്കുന്ന വിവരമാണ്.

'ഹൗ!' എന്ന് അവള് പുറപ്പെടുവിച്ച അത്ഭുത ശബ്ദം കേട്ടു.

പക്ഷേ, പിന്നെയുമുണ്ട് ദൂരം. താഴത്തേക്കു ചാടാന് വയ്യ. ദൂരെയായി പടിഞ്ഞാറേ വീടിന്റെ ഇടമതിലുണ്ട്. അതു ചെറുതാണ്. പൂച്ചയെപ്പോലെ മതിലിലൂടെ ഞാന് നടന്നു. പടിഞ്ഞാറേ വീടിന്റെ പുരയിടത്തിലിറങ്ങി. അവിടെ ഒരു തൊഴുത്തുണ്ട്. അതു വളഞ്ഞു പോകുമ്പോള് കിരുകിരാ ഇലകള് ഞെരിഞ്ഞു. ഇരുളിലൂടെ കാലുകള് സൂക്ഷിച്ചു, സൂക്ഷിച്ച് പതുക്കെപ്പതുക്കെ വെച്ച് ഇടമതിലിന്റെ അരികത്തു ചെന്നു.

അവള് പതുക്കെ അപ്പുറത്തു വന്നു.

ഞാന് രണ്ടു കൈകളും എത്തിച്ച് അവളുടെ തോളില് പിടിച്ചു വലിച്ചു. മുകളില് കയറ്റിയപ്പോള് കല്ലിന്റെ ഏതോ മുനയില് കൊണ്ട് അവളുടെ ബ്ലൗസ് 'ഭര്ര്!' എന്നു കീറി. വെള്ള മുലകള്!

തുടര്ന്ന് എന്റെ പ്രേമത്തിന്റെ കരണക്കുറ്റിക്കു രണ്ട് ഉഗ്രന്, ഉഗ്രന് വീക്കുകള്

കിട്ടി!

എങ്ങനെ എന്നാല്, "ഹയേ്യാ!... ഹവരൊക്കെ ഹിപ്പ ഉണ്ണാനിപ്പറത്തേക്കു വരും; പൊക്കൊ!" എന്നു പറഞ്ഞപ്പോള് മലീമസവും ദുര്ഗന്ധപരിപൂരിതവുമായ ഒരു ആവി അവളുടെ വായില്നിന്ന് എന്റെ മുഖത്തടിച്ചു! എന്റെ തല ചെകിടിച്ചു.

ഞാന് കുറെ മാറി നിന്നു. കുറെ ചുള്ളിക്കമ്പുകള് ഒടിഞ്ഞു. ഒരു പട്ടി കുരച്ചു.

"പൊക്കോ!" എന്നും പറഞ്ഞ് അവള് ഇറങ്ങിപ്പോയി.

പിന്നെ പട്ടികളുടെ കുരയാണ്. ഇത്ര അധികം പട്ടികളോ?

ഞാന് പതുക്കെപ്പതുക്കെ നടന്നു ചെറിയ മതിലില് കയറി. അവിടെനിന്നു വലിയ മതിലില്. അങ്ങനെ കുറെ മുന്നോട്ടു നീങ്ങി. അപ്പോള് ആ മതിലും താഴത്തെ മുറ്റവും വെളിച്ചത്തില് മുങ്ങി.

വാഴയുടെ ഒരിലത്തുമ്പു മാത്രമാണ് എനിക്കുള്ള ഏക മറ. കാറ്റു വീശുമ്പോള് ഇല മാറും. ഞാന് വെളിച്ചത്തില് നല്ലവണ്ണം തെളിയും!

ആ സമയത്ത് എന്റെ കുറെ സഖാക്കള് എന്റെ മുറിയുടെ അടുത്തേക്കു പോകുന്നതു കണ്ടു. അവര്ക്കെന്നെ കാണാന് യാതൊരു വിഷമവുമില്ല. പക്ഷേ, അവര് നോക്കിയില്ല. എങ്ങനെ എന്നെ സംശയിക്കും?

എന്തൊക്കെയോ വര്ത്തമാനം പറഞ്ഞുകൊണ്ടു രണ്ടുമൂന്നു സ്ത്രീകളും രണ്ടു പുരുഷന്മാരും! അവരില് പ്രായം കുറഞ്ഞ ആള്-യുവാവാണ്-മുറ്റത്തിറങ്ങി ഞാന് ഇരിക്കുന്ന ഭാഗത്തേക്കു വന്നു. എന്നെ പിടിക്കാന് വരുകയാണ്. കണ്ടുകാണും. അപമാനം!

"നീ എന്തു ചെയ്യുന്നെടാ ഇരുട്ടത്ത് അവിടെ?" എന്നു ചോദിച്ചുകൊണ്ട് എന്നെ പിടികൂടും!

ആളുകള് കൂടും. "ഓ, ഇതു നമ്മുടെ ആ തീപ്പൊരിപ്പത്രത്തിന്റെ പത്രാധിപരല്ലേ? നേതാവ്!" ആളുകള് പറയും.

"ദൈവമേ! എന്നെ ഇതില്നിന്ന് ഒന്ന് രക്ഷിക്കണേ! മേലില് ഞാന് യാതൊരു തെറ്റും ചെയ്യുകയില്ല. സത്യം... അവന് എന്നെ കാണല്ലേ!"

ഞാന് കഠാരി കൈയിലെടുത്തു. അവന് കണ്ടുപിടിക്കയാണെങ്കില്... കഠാരികൊണ്ട് എന്റെ കഴുത്തറക്കണം! "ദൈവമേ! അവന്റെ കണ്ണിന്റെ-കണ്ണിന്റെ കാഴ്ച കുറെ സമയത്തേക്കു നശിപ്പിക്കു!"

ഈശ്വരാ!... എന്റെ കൂട്ടുകാര് എന്റെ പേര് പറഞ്ഞ് ഉച്ചത്തില് വിളിക്കയാണ്. നേതാവിനെ തെരക്കുന്നു! ദൈവമേ! എന്നെ അവമാനിക്കല്ലേ!

അയാള് തിക്കും പൊക്കും നോക്കാതെ എന്റെ തൊട്ടടുത്തു വാഴച്ചുവട്ടില് വന്ന് ഒന്നിന് ഇരുന്നിട്ട് എണീറ്റു പോയി.

എനിക്കാകെ തളര്ച്ച തോന്നി. എന്തോ എന്നില് മരിച്ചിരിക്കുന്നു.

പിന്നെ സംഭവിച്ചതൊന്നും നല്ല ഓര്മയില്ല. ആരും ഒന്നുമറിഞ്ഞില്ല. തോട്ടില് ചാടിയതും ദേഹമാകെ കീറി ചോര വന്നതും ചെളിയില് പുതഞ്ഞതും മതില് കയറി മുറിയുടെ അടുത്തുചെന്ന് എന്റെ സഖാക്കളുടെ മുമ്പില് നിന്നതും മറ്റും അവ്യക്തമായി ഓര്ക്കുന്നു.

അവരമ്പരന്നു നോക്കി. പ്രേമസംബന്ധിയായ ഒരു ജൈത്രയാത്ര കഴിഞ്ഞു വന്നതാണെന്ന് അവര് ഊഹിച്ചില്ല. നേതാവ് ഏതോ മഹനീയ കൃത്യം നടത്തിയിട്ടു

വന്നിരിക്കയാണ്. ഈശ്വരാ!

ഞാന് സോപ്പിട്ടു നല്ലവണ്ണം കുളികഴിഞ്ഞു മുറിയില് വന്നു വസ്ത്രങ്ങള് മാറ്റി മുടി ചീകിയിട്ടു കസാലയില് ഇരുന്നു. ഉണ്ടായ സംഗതികള് മുഴുവനും, മുഴുവനും ശിഷ്യന്മാരോടു പറഞ്ഞു.

ഒടുവില് അവര് പറഞ്ഞു:

"ഇപ്പോള്തന്നെ നമുക്കീ സ്ഥലം മാറണം!"

മാറി. ഘനമേറിയ ഹൃദയവുമായി രാവിന്റെ നിശ്ശബ്ദതയിലൂടെ പേ്രമനഗരിയില്നിന്നു ഞങ്ങള്, വിഷാദത്തോടെ പോയി. അങ്ങനെ... അങ്ങനെ അവമാനത്തിന്റെ മുറിവേ്ലപിക്കാതെ കഴിഞ്ഞുപോയ പേ്രമ, ദാഹനിര്ഭരമായ മഹാ, മഹാ വിഷാദകാലഘട്ടമേ, നിനക്കു വന്ദനം!

മംഗളം

# വിശ്വവിഖ്യാതമായ മൂക്ക്

**ബഷീർ**



എഴുത്തും വായനയും അറിഞ്ഞുകൂടാത്ത കുശിനിപ്പണിക്കാരനായ കഥാനായകൻ. 24-ാമത്തെ വയസ്സിൽ അയാളുടെ മൂക്ക് വളർന്ന് വായും താടിയും പിന്നിട്ട് താഴോട്ടിറങ്ങി. താരമൂല്യമന്വേഷിക്കുന്ന കപടബുദ്ധിജീവികളെയും നവ മാധ്യമസംസ്കാരത്തെയും പരിഹസിക്കാൻ ബഷീർ ഈ മൂക്കനെ ആയുധമാക്കുന്നു. ബഷീറിന്റെ ഹാസ്യകലാപാടവത്തിന്റെ വിജയവൈജയന്തിയായി നിലകൊള്ളുന്ന കഥ.

കവർ ഡിസൈൻ: **ധന്യ ശ്രീജിത്ത്**

**ഡിസി ബുക്സ്**

www.dcbooks.com

കഥകൾ